# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2328 18/03/2015-ൽ മറുപടിക്ക്

## ആറളം ആദിവാസി പുനരുദ്ധാരണത്തിനായി നീക്കി വെച്ചിട്ടുള്ള ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആറളം ആദിവാസി മേഖലകളിൽ എത്ര ഏക്കർ സ്ഥലമാണ് ഇതിനോടകം ആദിവാസി പുനരുദ്ധാരണത്തിനായി നൽകിയിട്ടുള്ളത്; ആദിവാസികൾക്ക് നൽകിയിട്ടുള്ള ചില പ്ലോട്ടുകൾ മനുഷ്യവാസത്തിനും കൃഷിയ്ക്കും യോജ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള പ്ലോട്ടുകൾക്ക് പകരം പ്ലോട്ടുകൾ നൽകണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര പ്ലോട്ടുകൾ മാറ്റി നൽകിയിട്ടുണ്ട്; ഇനിയും വിതരണം ചെയ്യുവാൻ എത്ര ഏക്കർ ഭൂമിയാണ് അവശേഷിക്കുന്നത്; | (എ) | ആറളം ഫാമിൽ ആദിവാസി പുനരധിവാസത്തിനായി 3265.96 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. വിതരണം ചെയ്തതിൽ ചില പ്ലോട്ടുകൾ മനുഷ്യവാസത്തിനും കൃഷിക്കും യോഗ്യമല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി പ്ലോട്ടുകൾ മാറ്റി പകരം ഭൂമി നൽകണമെന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 15 പ്ലോട്ടുകൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 221 ഏക്കർ ഭൂമി വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. |
| (ബി) | ആറളം ഫാമിനായി നീക്കി വെച്ചിട്ടുള്ള ഭൂമിയിൽ കൃഷി വികസനത്തിനും വരുമാനവർദ്ധനവിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (ബി) | ആറളം ഫാമിനായി നീക്കിവച്ചിട്ടുള്ള ഭൂമിയിൽ താഴെപ്പറയുന്ന പദ്ധതികൾ കൃഷി വികസനത്തിനും വരുമാന വർദ്ധനവിനും വേണ്ടി ആവിഷ്കരിച്ചിട്ടുണ്ട്.<br>1) **കുരുമുളക് കൃഷി**<br>കേന്ദ്ര ഗവൺമെന്റിലെ Directorate of Aracanut and Spices Development ന്റെ സഹായത്തോടെ 9,24,000/- രൂപയുടെ പദ്ധതി.<br>2) **പോളി ഹൗസ്**<br>സംസ്ഥാന ഹോർട്ടീകൾച്ചർ മിഷന്റെ സഹായത്തോടെ നടപ്പാക്കുന്ന പച്ചക്കറി കൃഷി പദ്ധതി തുക - 14,09,688/- രൂപ<br>3) **നീര ഉൽപ്പാദന പദ്ധതി**<br>കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ സഹായത്തോടെ നീര ഉൽപ്പാദന യൂണിറ്റ് തുടങ്ങാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.<br>4) **ഔഷധ സസ്യ കൃഷി**<br>സംസ്ഥാന ഹോർട്ടീ കൾച്ചർ മിഷന്റെ സഹായത്തോടെ |

| | | | |
|---|---|---|---|
| | | | 375 ഹെക്ടർ ഭൂമിയിൽ ഔഷധ സസ്യ കൃഷി നടത്തുന്ന പദ്ധതി<br>5) വെളിച്ചെണ്ണ ഉൽപ്പാദന യൂണിറ്റ്<br>വെളിച്ചെണ്ണ ഉൽപ്പാദന യൂണിറ്റിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br>6) വെളുത്ത കുരുമുളക് (White Pepper) ഉല്പാദനം<br>വെളുത്ത കുരുമുളക് ഉൽപ്പാദന യൂണിറ്റിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br>7) കൊക്കോ സംസ്കരണ യൂണിറ്റ്<br>ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന കൊക്കോ സംസ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്<br>8) റബ്ബർ, കശുമാവ് റീ പ്ലാന്റേഷൻ<br>ഫാമിൽ റബ്ബർ, കശുമാവ് റീപ്ലാന്റേഷൻ നടന്നു വരുന്നു. നിലവിൽ ആയതിന് ഇടവിളയായി പൈനാപ്പിൾ കൃഷിയും നടത്തി വരുന്നു.<br>9) ചെങ്കൽ ഖനനം<br>ഫാമിലെ 42 ഹെക്ടർ തരിശു ഭൂമിയിൽ പരിസ്ഥിതിക്ക് ആഘാതം വരാത്ത രീതിയിൽ ഖനനം നടത്തുന്നതിനായി സർക്കാർ അനുമതി തേടിയിട്ടുണ്ട്. |

R. (signature)

**സെക്ഷൻ ഓഫീസർ**